# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## കരുണയ്ക്കുവേണ്ടി പ്രാർത്ഥന-Mercy




### കരുണയ്ക്കുവേണ്ടി പ്രാർത്ഥന

കർത്താവായ ദൈവമേ! ഞങ്ങളെ രക്ഷിക്കണമേ. അങ്ങേ മക്കളോടു കരുണ കാണിക്കണമേ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളും പൂർവ്വികരും വഴി വന്നുപോയ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ. ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങളുടെ കടങ്ങൾ ഇളച്ചുതരണമേ. ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിച്ച് അങ്ങേ അരൂപിയിലൂടെ നയിക്കണമേ.

### തിരുവചനം

അവരുടെ അനീതികളുടെ നേർക്കു ഞാൻ കരുണയുള്ളവനായിരിക്കും. അവരുടെ പാപങ്ങൾ ഞാൻ ഒരിക്കലും ഓർക്കുകയുമില്ല. (ഹെബ്രായർ 8:2)

അതിനാൽ, വേണ്ട സമയത്തു കരുണയും കൃപാവരവുംലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം (ഹെബ്രായർ 4:16).

കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല. അവിടുന്ന്‌വേദനിപ്പിച്ചാലും തന്റെ കാരുണ്യാതിരേകത്തിന് അനുസൃതമായി ദയ കാണിക്കും. (വിലാപങ്ങൾ 3:31-32).

എന്റെ യൗവനത്തിലെ പാപങ്ങളും അതിക്രമങ്ങളും അങ്ങ് ഓർക്കരുതേ! കർത്താവേ, അങ്ങയുടെ അചഞ്ചലസ്നേഹത്തിന് അനുസൃതമായി കരുണാപൂർവം എന്നെ അനുസ്മരിക്കണമേ! (സങ്കീർത്തനങ്ങൾ 25:7).

+++